# ഹരിതം സഹകരണം

ജി(2)24043/2017 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 24.05.17

**സർക്കുലർ നം.28/17**

വിഷയം: സഹകരണ വകുപ്പ് – പരിസ്ഥിതി സംരക്ഷണം അഞ്ചു ലക്ഷം വൃക്ഷത്തൈകൾ നട്ട് വളത്തുന്ന പദ്ധതി – 'ഹരിതം സഹകരണം' - നിർദ്ദേശങ്ങൾ – പുറപ്പെടുവിക്കുന്നു.

സൂചന: ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി 2017–18 ധനാഭ്യർത്ഥന വേളയിൽ നിയമസഭയിൽ നടത്തിയ പ്രഖ്യാപനം.

കേരള സർക്കാർ തുടക്കം കുറിച്ച 'ഹരിത കേരളം പദ്ധതിയ്ക്ക് ' പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി അഞ്ചു ലക്ഷം വൃക്ഷത്തൈകൾ നട്ടു വളർത്തുക എന്ന ദൗത്യം സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തുകയാണ്. 'ഹരിതം സഹകരണം' എന്ന ഈ പദ്ധതി 2017–18 വർഷത്തെ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കർമ്മ പരിപാടികളിൽ ഒന്നായി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി.

ലോക പരിസ്ഥിതി ദിനമായ ജൂൺ മാസം 5–ാം തീയതി മുതൽ ജൂൺ മാസം 20–ാം തീയതി വരെയുള്ള കാലയളവിൽ ആണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഫലവൃക്ഷങ്ങൾ, തണൽ വൃക്ഷങ്ങൾ, എന്നിവയുടെ തൈകളാണ് പ്രധാനമായും നട്ടുവളർത്തുന്നത്. ഈ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 2017 ജൂൺ മാസം 5–ാം തീയതി കോഴിക്കോട് വച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിക്കുകയാണ്. ഈ പദ്ധതിയുടെ വിജയത്തിനായി സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും പങ്കാളിയാകേണ്ടതും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതു സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടു പരിപാലിക്കേണ്ടതാണ്.

2. വൃക്ഷത്തൈകൾ നൽകുന്നതിനോടൊപ്പം പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി പരിസ്ഥിതി വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ച് സെമിനാറുകൾ/ചർച്ചാക്ലാസുകൾ എന്നിവ നടത്തേണ്ടതാണ്.
3. കുടുംബശ്രീ പ്രവർത്തകരെ കൂടി ഇതിന്റെ ഭാഗമാക്കി അവർ വഴിയും വൃക്ഷത്തൈകൾ വിതരണം ചെയ്യാവുന്നതാണ്.
4. പദ്ധതിയുടെ പ്രചരണാർത്ഥം ബാനറുകളും മറ്റു പരസ്യ മാർഗ്ഗങ്ങളും ഉപയോഗിച്ച് പദ്ധതി ജനകീയ പങ്കാളിത്തത്തോടെ വിജയകരമാക്കേണ്ടതാണ്.
5. പദ്ധതിക്കാവശ്യമായ തൈകൾ വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്റ്ററി വിഭാഗം, കൃഷിവകുപ്പ്, സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ളതുമായ ഫാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് സൗജന്യമായി ലഭ്യമാക്കുകയോ ഓരോ സംഘവും 100 ൽ കുറയാത്ത എണ്ണം തൈകൾ വിലയ്ക്ക് വാങ്ങിയോ നടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. താലൂക്ക് തലത്തിൽ പദ്ധതിയുടെ നടത്തിപ്പും ഏകോപനവും സർക്കിൾ സഹകരണ യൂണിയൻ നിർവ്വഹിക്കേണ്ടതാണ്.
7. ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനത്തിനും അവലോകനത്തിനും ജോയിന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രവർത്തന പുരോഗതി റിപ്പോർട്ട് ആഴ്ചതോറും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് editorprorcs@gmail.com എന്ന വിലാസത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കണം.
8. പദ്ധതിയ്ക്ക് ആവശ്യമായ ചെലവ് പൊതു നന്മാഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.
9. ജില്ലാ തിരിച്ചുള്ള ടാർജറ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറഞ്ഞിരിക്കുന്ന തരത്തിൽ ക്രമീകരണം നടത്തേണ്ടതാണ്.

**<u>ജില്ല തിരിച്ചുള്ള കണക്ക്.</u>**

| ജില്ല | സംഘങ്ങളുടെ എണ്ണം | നടേണ്ട വൃക്ഷതൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 500 | 50000 |
| കൊല്ലം | 350 | 35000 |
| പത്തനംതിട്ട | 250 | 25000 |
| ആലപ്പുഴ | 250 | 25000 |
| കോട്ടയം | 250 | 25000 |
| ഇടുക്കി | 150 | 15000 |
| എറണാകുളം | 500 | 50000 |
| തൃശ്ശൂർ | 500 | 50000 |
| പാലക്കാട് | 450 | 45000 |
| മലപ്പുറം | 450 | 45000 |
| കോഴിക്കോട് | 500 | 50000 |
| കണ്ണൂർ | 600 | 60000 |
| വയനാട് | 100 | 10000 |
| കാസർഗോഡ് | 150 | 15000 |
| ആകെ | 5000 | 500000 |

(ഒപ്പ്),
എസ്. ലളിതാംബിക. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും
2. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെയും ഡയറക്ടർമാർക്ക്.
3. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും ജനറൽ മാനേജർ മാർക്കും
4. എല്ലാ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും/ സ്ഥാപനങ്ങൾക്കും ( ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽമാർക്കും(ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)

6. എഡിറ്റർ സഹകരണ വീഥി
7. വെബ്സൈറ്റ്
8. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)

പി.കെ.24.05.2017.